
# കത്തുകൾ




# അടച്ചാക്ഷേപിക്കാൻ അനുവദിക്കരുത്

**'മുസ്‌ലിം** പിന്നാക്കാവസ്ഥ പരിഹരിക്കാൻ' എന്ന ശീർഷകത്തിൽ പി.എ അബ്ദുൽ മനാഫ് എഴുതിയ കത്ത് (2007 നവംബർ 17) വായിച്ചു.

മുസ്‌ലിംകൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരെ ചൊവ്വേ നടത്തിക്കൊണ്ടുപോകാൻ കഴിയില്ലെന്നത് ഒരളവ് വരെ ശരിയായിരിക്കാം. ക്രൈസ്തവ സമൂഹം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ കഴിവുള്ളവരാണെന്നതിലും രണ്ടഭിപ്രായമുണ്ടാകാൻ സാധ്യതയില്ല. എന്നാൽ മുസ്‌ലിം സംഘടനകളെയും മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അടച്ചാക്ഷേപിക്കുകയും അവരെയെല്ലാം അഴിമതിക്കാരും കൈക്കൂലിക്കാരുമായി ചിത്രീകരിക്കുകയുമാണ് കുറിപ്പുകാരൻ. അദ്ദേഹവും സഹോദരിയും ഒരു ചില്ലിക്കാശും കൊടുക്കാതെ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ചിട്ടുണ്ടെങ്കിൽ അത്തരം നൂറുകണക്കിന് ഉദാഹരണങ്ങൾ മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിലും ചൂണ്ടിക്കാണിക്കാൻ കഴിയും. ക്രൈസ്തവ മിഷനറിമാർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മറ്റു സമുദായക്കാർക്ക് ഇളവനുവദിക്കുന്നത് എന്തുദ്ദേശ്യത്തോടെയാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്.

എനിക്കറിയാവുന്ന ചില ക്രൈസ്തവ സ്ഥാപനങ്ങളിൽ സീറ്റ് ലഭിക്കാനുള്ള മാനദണ്ഡം കാലത്ത് ക്രിസ്തീയ ഭക്തിഗാനം ചൊല്ലുക, തലമറയ്ക്കാതെ ക്ലാസ്സിൽ വരിക, വെള്ളിയാഴ്ച നമസ്കാരത്തിന് പോകാതിരിക്കുക എന്നിവയൊക്കെയാണ്. കൂടാതെ ലക്ഷക്കണക്കിന് രൂപ കേപിറ്റേഷൻ ഫീസായും പുറമെ സംഭാവനയായും വാങ്ങുന്ന നിരവധി ക്രിസ്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ തന്നെയുണ്ടെന്ന് ആർക്കാണറിയാത്തത്. ഇതൊന്നും കാണാതെ പോകുന്നത് എന്തുകൊണ്ട്? മറ്റൊരു നിർദേശം, മുസ്‌ലിം മതമേലധ്യക്ഷന്മാരെ കൊണ്ട് മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിപ്പിക്കുക എന്നതാണ്. ഭൗതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുക്കാൻ പിടിക്കാൻ കെൽപുള്ള എത്ര മുസ്‌ലിം മതാധ്യക്ഷരാണ് നമുക്കുള്ളത്? വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നവർക്ക് കുറേക്കൂടി ഇസ്‌ലാമിക ബോധം നൽകാനും മാനേജ്മെന്റിലും അഡ്മിനിസ്ട്രേഷനിലും ട്രെയിനിംഗ് നൽകാനും വേണ്ടപ്പെട്ടവർ ശ്രമിക്കുന്നതല്ലേ ഫലപ്രദമാവുക?

മുസ്‌ലിം സമുദായത്തിനും അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വേണ്ടത്ര ഭീഷണി നിലനിൽക്കെ വഖ്ഫ് ബോർഡിൽ അഫിലിയേറ്റ് ചെയ്യാത്ത മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ തിരിച്ചുപിടിക്കണമെന്ന ഉപദേശം എത്ര ആപത്കരമാണ്! 'പിശാചിന്റെ വണ്ടി'യിൽ സഞ്ചരിക്കുന്നത് യഥാർഥത്തിൽ ആരാണ്?

സമൂഹത്തെ ഒന്നാകെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന കൈക്കൂലി, അഴിമതി പോലുള്ള മഹാരോഗങ്ങൾ മുസ്‌ലിം സംഘടനകൾക്ക് മാത്രമായി ചാർത്തിക്കൊടുക്കുന്നവരുടെ ഉദ്ദേശ്യശുദ്ധി ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഇസ്‌ലാമിനെയും മുസ്‌ലിം സംഘടനകളെയും കളങ്കപ്പെടുത്തുന്നവർ ഉണ്ടാവാം. എന്നാൽ എല്ലാ മുസ്‌ലിം സംഘടനകളെയും അടച്ചാക്ഷേപിക്കാൻ അനുവദിക്കരുത്.

**പി.സി സലീം ഉസ്മാൻ**
**റിയാദ്, കെ.എസ്.എ**

# ആത്മീയ വ്യവസായവും മുസ്‌ലിംകളും

**'ആത്മീയ** കച്ചവടം' ഏറ്റവും കൂടുതൽ നടക്കുന്നത് മുസ്‌ലിംകൾക്കിടയിലാണെന്നതിനാൽ ഇസ്‌ലാമിക പ്രസ്ഥാനം മുൻകൈയെടുത്ത് ഇതുസംബന്ധമായ ഒരു 'ഇസ്‌ലാഹ് കാമ്പയിൻ' നടത്തേണ്ടിയിരിക്കുന്നു.

ത്വാഗൂത്ത് പൂജ, ജിബ്ത്ത് പൂജ, ശിർക്ക്, ബിദ്അത്ത്, ഖബ്ർ കെട്ടിപ്പൊക്കൽ, പിഴച്ച സ്വൂഫിസവും ത്വരീഖത്തുകളും, പൗരോഹിത്യം, വലിയ്യുകളെ പറ്റിയുള്ള തെറ്റായ സങ്കൽപം, മഹാന്മാർക്ക് അദൃശ്യം അറിയുമെന്ന മൂഢധാരണ തുടങ്ങി കടുത്ത അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് മുസ്‌ലിംകൾക്കിടയിൽ 'ആത്മീയ വ്യവസായം' ഇത്രയും പൊടിപൊടിക്കാൻ കാരണം. എന്നാൽ ഇവയുടെയെല്ലാം മൗലിക കാരണം മൂന്നാണ്.

1. അല്ലാഹുവെ യഥാവിധി അറിയാതിരിക്കൽ (*മാ ഖദറുല്ലാഹ ഹഖ ഖദ്‌രിഹി*). 2. തൗഹീദിനെക്കുറിച്ച പഠനമില്ലായ്മ (തൗഹീദെന്നാൽ പ്രാർഥന മാത്രമാണെന്നു പറയുന്നവർ അത്തരത്തിൽ പെട്ട കർമങ്ങൾ യഥേഷ്ടം നിർവഹിക്കുമ്പോൾ, പ്രാർഥന അല്ലാഹുവോട് മാത്രമാക്കലാണ് തൗഹീദെന്നു പറയുന്നവർ മത-രാഷ്ട്ര വിഭജനത്തെ പിന്തുണക്കുകയും തദ്വാരാ സാമാന്യജനം 'ആത്മീയ ഇസ്‌ലാം' മാത്രം അന്വേഷിക്കുകയും ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. രണ്ടു കൂട്ടരും തൗഹീദിനെ സഗൗരവം പഠിക്കുന്നില്ല). 3. പ്രമാണങ്ങളിൽ മുസ്‌ലിം ജനസാമാന്യത്തിനുള്ള അജ്ഞത (ആത്മീയ വ്യവസായികളെ ആർജവത്തോടും എന്നാൽ സമാധാനപരമായും ചോദ്യം ചെയ്യാൻ നമുക്ക് സാധിക്കാതെ പോകുന്നത് ഇതുകൊണ്ടാണ്). അതിനാൽ ഇസ്‌ലാമിക പ്രസ്ഥാനം ഈ ജീർണതകൾക്കെതിരെ പ്രതികരിക്കണം.

**മുഹമ്മദ് അബ്ദുല്ല കണ്ണൂർ**

# കാമ്പയിൻ ശ്രദ്ധിക്കപ്പെട്ടു, പക്ഷേ...

**സോളിഡാരിറ്റി** യൂത്ത്മൂവ്മെന്റ് നടത്തിയ 'ആത്മീയത കച്ചവടമല്ല വിമോചനമാണ്' എന്ന കാമ്പയിൻ പ്രമേയം കേരളത്തിൽ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതുവരെ ഏറ്റെടുത്തതിൽനിന്ന് വ്യത്യസ്തമായ കാമ്പയിൻ തന്നെ. ആൾദൈവങ്ങളും കൾട്ടുകളും കപട ആത്മീയവാദികളും ശക്തിയാർജിച്ചുവരുന്നതിനാൽ വിഷയം ഒരു കാമ്പയിനിൽ ഒതുക്കാതെ തുടർ പരിപാടികൾ കൂടി ആസൂത്രണം ചെയ്യണം. കപട ആത്മീയതയുടെ പൊള്ളത്തരങ്ങൾ വെളിച്ചത്തുകൊണ്ടുവന്ന്, പൊതുജനത്തിന് നെല്ലും പതിരും തിരിച്ചറിയാൻ സാധിക്കേണ്ടതുണ്ട്. *പ്രബോധന*ത്തിൽ അടുത്തിടെയായി മഖ്ബറ വ്യവസായത്തെക്കുറിച്ച് ലേഖനങ്ങൾ വരുന്നുണ്ട്. എത്രയോ ഹദീസുകളുണ്ട് മുസ്‌ലിം സമുദായത്തിന് മുന്നറിയിപ്പ് നൽകാൻ. പക്ഷേ, പുരോഹിതന്മാരുടെ കൈപ്പിടിയിൽ തന്നെയാണ് ഇപ്പോഴും പാമരന്മാരായ വിശ്വാസികൾ.

സോളിഡാരിറ്റി നടത്തിയ കാമ്പയിന്റെ ഒരു പോരായ്മ, ഗൃഹ സമ്പർക്ക പരിപാടികൾക്ക് വേണ്ടത്ര പരിഗണന കൊടുത്തില്ല എന്നതാണ്. അയൽക്കൂട്ടങ്ങൾ, ഗൃഹാങ്കണ യോഗങ്ങൾ തുടങ്ങിയവ പോലെ കേരളത്തിലാകമാനം ആയിരക്കണക്കിന് ഒത്തുചേരലുകൾ നടക്കണമായിരുന്നു. അപ്പോൾ മാത്രമേ അന്ധവിശ്വാസത്തിന്റെ ഇരകളിലേക്ക് വിഷയം എത്തുകയും മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്യുകയുള്ളൂ. പൊതുയോഗങ്ങൾ ശ്രവിക്കുന്നത് ഒരു വിഭാഗം മാത്രമായിരിക്കും. പലപ്പോഴും ഇത്തരം ജീർണതകളുടെ ആദ്യ ഇര സ്ത്രീകളാണ്. സ്ത്രീകൾ വീടുകളിലായിരിക്കും. അവരെ അഭിസംബോധന ചെയ്യുന്ന പരിപാടികളും വ്യാപകമായി നടക്കണമായിരുന്നു.

**മുഹമ്മദ് സിദ്ദീഖ് മന്നാനി**
**വെമ്പായം, തിരുവനന്തപുരം**

# ആർത്തിയുടെ ആത്മീയ കച്ചവടം

**എല്ലാ** ആത്മീയ കച്ചവടങ്ങളുടെയും അടിവേര് ഭൗതികപ്രമത്തതയും ആർത്തിയുമാണ്. 'ആട്ടിൻ കൂട്ടങ്ങളിലേക്കഴിച്ചുവിട്ട വിശന്ന ചെന്നായ്ക്കളുണ്ടാക്കുന്ന നാശത്തേക്കാൾ ഭയാനകവും ക്രൂരവുമാണ് സമ്പത്തിനോടും പ്രശസ്തിയോടുമുള്ള മനുഷ്യന്റെ ആർത്തി, അവന്റെ ദീനിനോടു ചെയ്യുന്നത്' (തിർമിദി) എന്ന പ്രവാചകവചനത്തെ അന്വർഥമാക്കുകയാണ് മുസ്‌ലിം സമുദായത്തിലെ ആത്മീയ കച്ചവടക്കാർ!

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മതവത്കരിച്ചും സ്ഥാപനവത്കരിച്ചും സാധാരണക്കാരെ ആത്മീയതയുടെ പുത്തൻ ഭ്രമാത്മകതയിൽ കുടുക്കിയും മതക്കച്ചവടം നിലനിർത്താൻ മത്സരിക്കുകയാണ് രണ്ടു വിഭാഗം യാഥാസ്ഥിതികരും. ഖുർആൻ മനുഷ്യനെ ഇരുട്ടിൽനിന്നും വെളിച്ചത്തിലേക്കാണ് നയിക്കുന്നത്. ദീനിന്റെ ലേബലിൽ ഭൗതികസമൃദ്ധി കൊയ്തെടുക്കുന്ന ആത്മീയക്കച്ചവടക്കാരെ തൊലിയുരിച്ചുകാണിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ലക്ഷ്യം ഭൗതികമാകുമ്പോൾ മാർഗത്തിൽ വിശുദ്ധി പുറത്ത്! ഉദ്ദേശ്യ സാഫല്യത്തിന് ദീനിനെ പണയപ്പെടുത്താം, വിൽക്കാം. 'ശൈഖി'ന്റെ കാറിന്റെ വിലയും വീട്ടിലെ ശീതീകരണ മുറികളുടെ എണ്ണവും പറഞ്ഞ് മേനി നടിക്കുന്ന 'മുരീദു'കളെ കാണാം. കിടങ്ങ് കുഴിക്കവെ അനുചരന്മാർ വിശന്നു പൊരിയുന്നു എന്ന് വേവലാതി പറഞ്ഞപ്പോൾ, വിശപ്പിനാൽ നട്ടെല്ലു നിവർത്താൻ സാധിക്കാഞ്ഞ് വയറിന്മേൽ കെട്ടിവെച്ച കൽച്ചീളുകൾ തന്റെ കുപ്പായമുയർത്തിക്കാണിച്ച മഹാനായ പ്രവാചകൻ വളർത്തിയെടുത്ത ഈ ദീനിനെ എങ്ങനെയാണ് കച്ചവടവത്കരിക്കാൻ മനസ്സ് വരുന്നത്!

പാവങ്ങളുടെ പ്രവാചകന്റെ ജീവിതശൈലി ഒരിക്കലെങ്കിലും പിന്തുടരാൻ വിധിയില്ലാത്തവർ ഇതിനെ കച്ചവടച്ചരക്കാക്കി ലാഭം കൊയ്യുന്നു.

**അലവി വീരമംഗലം**

# എന്താണ് ദിക്‌റുല്ലാഹ്?

**'ദിക്‌റുല്ലാഹ്'** എന്ന ശീർഷകത്തിൽ (ലക്കം 24) പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം വായിച്ചപ്പോൾ ഖുർആൻ-ഹദീസ് സൂക്തങ്ങൾ തദ്‌വിഷയകമായി ഉദ്ധരിച്ചിട്ടുണ്ടെങ്കിലും വായനക്കാരനെ ദിക്‌റുല്ലാഹിയുടെ അനിവാര്യ താൽപര്യങ്ങളിലേക്ക് കൊണ്ടെത്തിക്കാൻ ലേഖകൻ ശ്രമിച്ചിട്ടില്ലെന്ന് തോന്നി. അതിനാലാണ് ഈ കുറിപ്പ്.

ഹൃദയത്തിൽ സ്മരിക്കുന്നതും നാവു കൊണ്ട് ഉച്ചരിക്കുന്നതും ദിക്‌റ് തന്നെ. ഇതിലും വിശാലമായ ഒരർഥം ദിക്‌റിനുണ്ടെന്ന് ഇമാം ഇബ്നുൽ ഖയ്യിം(റ) പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹു ഇഷ്ടപ്പെടുന്ന വിചാരമോ സംസ്കാരമോ പ്രവൃത്തിയോ ഉൾപ്പെട്ട ഏതു നിമിഷവും ദിക്‌റിന്റേതാണ്. ദിക്‌റിന് സ്ഥാനമില്ലാത്ത ഹൃദയം ജീവനുണ്ടെങ്കിലും മരിച്ചതിന് തുല്യമത്രെ.

ഇന്ന് ദിക്‌റ് എന്നത് ഹൽഖകൾ സംഘടിപ്പിച്ച് ബഹളം വെക്കുന്ന ഏർപ്പാടായി പരിഷ്കരിച്ചിരിക്കുകയാണ്. ഇത് മുസ്‌ലിം ജനസാമാന്യത്തിൽ മതാചാരമായി അംഗീകാരം നേടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷേ, ഖുർആനിലോ ഹദീസിലോ ഇതിന് പ്രമാണം കാണിച്ചുതരാൻ ആർക്കും കഴിയുകയില്ല. മറ്റു മതവിഭാഗങ്ങളിൽ കാണപ്പെടുന്ന ഭജനസദസ്സുകളുടെ അനുകരണം മാത്രമാണിത്.

ദിക്‌റ് എങ്ങനെയായിരിക്കണമെന്നതിന് ഖുർആനിലെ ഏഴാം അധ്യായത്തിലെ 205-ാം സൂക്തത്തിൽ പറയുന്നുണ്ട്: 'നിന്റെ നാഥനെ അത്യന്തം വണക്കത്തോടും ഭയപ്പാടോടും കൂടി രാവിലെയും വൈകുന്നേരവും നിന്റെ മനസ്സിൽ നീ ഓർത്തുകൊണ്ടിരിക്കുക; ശബ്ദമുയർത്താത്ത വാക്കുകളിൽ.'

ഇതിലെ ആശയം സ്പഷ്ടം:

* ദിക്‌റുല്ലാഹി മനസ്സിലാണ് വേണ്ടത്.
* വണക്കത്തോടും ഭയത്തോടും കൂടിയാവണം
* ഉച്ചത്തിലാവരുത്
* സദാ സമയവും വേണം.

ആത്മീയത വളർത്താൻ ഖുർആൻ വരച്ചുകാട്ടിയ ദിക്‌റുല്ലാഹിയുടെ നിർവഹണരൂപം എത്ര സുന്ദരം!

ദിക്‌റുല്ലാഹി എന്താണെന്നതിന് സൂറഃ *അൽഅഹ്സാബി*ലെ 35-ാം സൂക്തത്തിലെ 'അല്ലാഹുവിനെ അധികമധികം സ്മരിക്കുന്നവർ' എന്ന വാകൃത്തിന് സയ്യിദ് അബുൽഅഅ്‌ലാ മൗദൂദി നൽകിയ വ്യാഖ്യാനം കാണുക:

"മനുഷ്യൻ ഏതു ജീവിതവ്യവഹാരത്തിലേർപ്പെടുമ്പോഴും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അവന്റെ നാവിൽ സദാ ദൈവനാമമുണ്ടായിരിക്കുക എന്നാണ്, അധികമധികം അല്ലാഹുവിനെ സ്മരിക്കുക എന്നതിന്റെ താൽപര്യം. മനസ്സിൽ ദൈവനാമം രൂഢമൂലമായി കുടികൊള്ളുമ്പോഴല്ലാതെ ഇതൊരു സ്വഭാവമായിത്തീരുകയില്ല. ദൈവവിചാരം മനുഷ്യന്റെ ബോധമണ്ഡലം കടന്ന് ഉപബോധത്തിലേക്കും അബോധതലത്തിലേക്കും ആഴ്ന്നിറങ്ങുമ്പോഴേ അവനിൽ എന്തു ചെയ്യുമ്പോഴും പറയുമ്പോഴും അനിവാര്യമായും ദൈവനാമം സ്മരിക്കുന്ന അവസ്ഥയുണ്ടാകൂ.

അത്തരക്കാർ തിന്നുമ്പോൾ ബിസ്മി ചൊല്ലി തിന്നുന്നു. ഭക്ഷണത്തിൽനിന്ന് വിരമിക്കുമ്പോൾ അൽഹംദുലില്ലാ എന്ന് പറഞ്ഞുകൊണ്ട് വിരമിക്കുന്നു. ഉറങ്ങുമ്പോഴും ഉണരുമ്പോഴും ദൈവനാമം സ്മരിക്കുന്നു. സംസാരത്തിൽ അവരുടെ നാക്കിൽനിന്ന് ബിസ്മില്ലാഹ്, അൽഹംദുലില്ലാഹ്, ഇൻശാഅല്ലാഹ്, മാശാഅല്ലാഹ് എന്നിങ്ങനെയുള്ള വാക്കുകൾ ഉതിർന്നുവീണുകൊണ്ടിരിക്കും. അവർ എല്ലാ കാര്യങ്ങളിലും ദൈവസഹായം തേടുന്നു. ഏത് ഗുണം ഭവിച്ചാലും അല്ലാഹുവിനോട് തുണ തേടുന്നു. എന്തു വിഷമസന്ധിയിലും അല്ലാഹുവിങ്കൽ അഭയം പ്രാപിക്കുന്നു. തിന്മകൾ മുമ്പിൽ വരുമ്പോൾ അല്ലാഹുവിനെ ഭയപ്പെടുന്നു. തെറ്റുകൾ വരുമ്പോൾ അവനോട് മാപ്പിരക്കുന്നു. ആവശ്യങ്ങൾ നേരിടുമ്പോൾ അവനോട് പ്രാർഥിക്കുന്നു. ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും എന്നു വേണ്ട ഐഹികമായ എന്തു കർമവും അവർ നിർവഹിക്കുക അല്ലാഹുവിനെ സ്മരിച്ചുകൊണ്ടുതന്നെയായിരിക്കും. ഈ സ്വഭാവം യഥാർഥത്തിൽ ഇസ്‌ലാമികജീവിതത്തിന്റെ ജീവനാണ്" (*തഫ്ഹീമുൽ ഖുർആൻ* വാള്യം 4 പേജ് 87).

**കെ.കെ ഹംസ മൗലവി മാട്ടൂൽ**

# ദേഹേഛരയെ 'ആരാധിക്കുകയോ?!'

***പ്രബോധനം*** വാരികയിൽ (ലക്കം 23) ജമാൽ കടന്നപ്പള്ളി എഴുതിയ 'ദേഹേഛാപൂജ' എന്ന ലേഖനമാണ് ഈ കുറിപ്പിന് കാരണം. ലേഖനത്തിൽ കൊടുത്ത ഹദീസിൽ ഇങ്ങനെയാണ്:

നബി(സ) അരുൾ ചെയ്തതായി അബൂഉമാമ(റ) നിവേദനം: "ആകാശത്തിനു താഴെ അല്ലാഹുവിനെക്കൂടാതെ ആരാധിക്കപ്പെടുന്ന ദൈവങ്ങളിൽ അല്ലാഹുവിങ്കൽ ഏറ്റവും ഭയങ്കരമത്രെ പിന്തുടരപ്പെടുന്ന ദേഹേഛ."

'ആരാധിക്കപ്പെടുന്ന' എന്ന അർഥം നൽകിയത് 'ഇബാദത്ത് ചെയ്യപ്പെടുന്ന' എന്ന വാക്കിനല്ലേ? ഇവിടെ ഇബാദത്തിന് 'ആരാധന' എന്ന അർഥം ശരിയാകുമോ? ആരാധന എന്നാൽ 'മറഞ്ഞ വഴിയിലൂടെ ഉപകാരം പ്രതീക്ഷിച്ചോ, ദോഷത്തെ ഭയപ്പെട്ടോ' ചെയ്യുന്ന കർമമല്ലേ? ഈ അർഥത്തിൽ ദേഹേഛരയെ ആരെങ്കിലും സമീപിക്കാറുണ്ടോ? അനുസരിക്കുക, വഴിപ്പെടുക എന്ന അർഥത്തിലാണ് ഈ ഹദീസിൽ 'ഇബാദത്ത്' ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ 'ആരാധന' എന്ന് അർഥം കൽപിക്കുമ്പോൾ ഹദീസ് നിരർഥകമാവുകയല്ലേ?

**കെ.പി അബൂബക്കർ കാരകുന്ന്**
**സുഊദി അറേബ്യ**